No. CEE/3600/KEAM-2021/TA2

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## 2021–ലെ ആർക്കിടെക്ചർ റാങ്ക് ലിസ്റ്റിനു പരിഗണിക്കുന്ന യോഗ്യതാപരീക്ഷയുടെ മാർക്കും/ NATA സ്കോറും വിദ്യാർത്ഥികൾക്ക് പരിശോധനയ്ക്കായി പ്രസിദ്ധപ്പെടുത്തി

2021–ലെ ആർക്കിടെക്ചർ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലേയ്ക്ക് ആർക്കിടെക്ചർ പ്രവേശനത്തിന് അപേക്ഷ നൽകിയ വിദ്യാർത്ഥികൾ, അവരുടെ യോഗ്യതാപരീക്ഷയുടെ മാർക്ക് വിവരങ്ങൾ ഓൺലൈനായി www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ 15.09.2021 **മുതൽ** 22.09.2021 **വരെ** സമർപ്പിക്കുവാനും NATA സ്കോറും യോഗ്യതാ പരീക്ഷയുടെ മാർക്കും ലിസ്ററും അപ്‌ലോഡ് ചെയ്യുവാനും നിർദ്ദേശിച്ചിരുന്നു.

അപ്രകാരം വിദ്യാർത്ഥികൾ ഓൺലൈനായി സമർപ്പിച്ച മാർക്കും NATA സ്കോറും സൂക്ഷ്മപരിശോധനയ്ക്കുശേഷം വിദ്യാർത്ഥികൾക്ക് പരിശോധനയ്ക്കായി **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. മാർക്ക്/ NATA സ്കോർ വിവരങ്ങൾ പരിശോധന യ്ക്കായി മേൽ വെബ്സൈറ്റിൽ **2021 സെപ്തംബർ 27 വൈകുന്നേരം 05.00 മണി വരെ** ലഭ്യമാകും. മേൽ വെബ്സൈറ്റിലെ **'KEAM 2021 Candidate Portal'** എന്ന ലിങ്ക് വഴി അപ്ലിക്കേഷൻ നമ്പരും, പാസ്‌വേഡും നൽകി അവരുടെ ഹോംപേജിൽ പ്രവേശിച്ച് **'Marks Verification for Architecture Rank'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത ശേഷം യോഗ്യതാ പരീക്ഷയിൽ നിശ്ചിത വിഷയങ്ങൾക്ക് ലഭിച്ച മാർക്ക്, പരമാവധി മാർക്ക് എന്നിവ വെബ്പേജിൽ കാണിച്ചിട്ടുള്ള പ്രകാരം ശരിയാണോയെന്ന് പരിശോധിക്കേണ്ടതാണ്.

- വെബ്സൈറ്റിലെ മാർക്ക് വിവരങ്ങൾ ശരിയാണെങ്കിൽ ഓരോന്നിനും നേരെയുള്ള **'No Change'** ബട്ടൺ ക്ലിക്ക് ചെയ്ത ശേഷം **'Verified and Found Correct'** എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് വിവരങ്ങൾ ശരിയാണെന്ന് ഉറപ്പിക്കാവുന്നതാണ്.
- വെബ്സൈറ്റിലെ മാർക്ക് വിവരങ്ങൾ സംബന്ധിച്ച് തിരുത്തലുകൾ ആവശ്യമുള്ള പക്ഷം തിരുത്തേണ്ട വിവരത്തിനു/ വിവരങ്ങൾക്ക് നേരെയുള്ള **'Change Required'** എന്ന ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതും തിരുത്തൽ ആവശ്യമില്ലാത്തവയ്ക്ക് നേരേ **No change**-ഉം മാർക്ക് ചെയ്ത് തുടർന്ന് **'Verified and Found Mismatch'** എന്ന ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതുമാണ്. അതിനുശേഷം ഇവർ തിരുത്തലുകളെ സാധൂകരിക്കുന്ന മാർക്ക് ലിസ്റ്റിന്റെ പി.ഡി ഫയൽ വെബ്സൈറ്റിലൂടെ അപ്‌ലോഡ് ചെയ്യേണ്ടതാണ്. വെബ്സൈറ്റിലെ മാർക്ക് സംബന്ധിച്ച വിവരങ്ങളിൽ തിരുത്തലുകൾ ആവശ്യമുള്ളവർ ആയത് മേൽപ്പറഞ്ഞ രീതിയിൽ വെബ്സൈറ്റിലൂടെ നിശ്ചിത സമയത്തിനുള്ളിൽ ചെയ്തിരിക്കേണ്ടതാണ്. മാർക്കിൽ തിരുത്തലുകൾ ആവശ്യപ്പെട്ടുള്ള തപാലിലോ നേരിട്ടോ ലഭിക്കുന്ന അപേക്ഷകളോ, ഇ–മെയിൽ/ഫാക്സ് മുഖേനയുള്ള അപേക്ഷകളോ പരിഗണിക്കുന്നതല്ല.
- അപ്‌ലോഡ് ചെയ്ത മാർക്ക് ലിസ്റ്റുകളിൽ അപാകതകൾ ഉണ്ടായിരുന്നവർക്ക്/ ആവശ്യമായ മാർക്ക് ലിസ്റ്റ് അപ്‌ലോഡ് ചെയ്യാത്തവർക്കും അവരുടെ മാർക്കുകൾ പരിശോധനാ വേളയിൽ ദൃശ്യമാകുന്നതല്ല. അത്തരക്കാർ ആവശ്യമായ മാർക്ക് ലിസ്റ്റുകൾ/അപാകത ഇല്ലാത്ത വ്യക്തമായ മാർക്ക് ലിസ്റ്റുകൾ വെബ്പേജിലൂടെ നിശ്ചിത സമയത്തിനകം അപ്‌ലോഡ് ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം ഇത്തരം

വിദ്യാർത്ഥികളുടെ നിലവിൽ ലഭ്യമായ മാർക്കുകൾ അതേപടി റാങ്കിനായി പരിഗണിച്ച് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. എന്നാൽ ഇത്തരം വിദ്യാർത്ഥികളുടെ റാങ്ക് തടഞ്ഞുവെയ്ക്കുന്നതാണ്.

- **27.09.2021 വൈകുന്നേരം 05.00 മണി**ക്ക് ലഭ്യമാകുന്ന നിലവിലുള്ള മാർക്ക് വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2020 ലെ ആർക്കിടെക്ചർ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. മാർക്ക് വിവരങ്ങൾ ഓൺലൈനായി പരിശോധിച്ച് ഉറപ്പു വരുത്താത്ത വിദ്യാർത്ഥികളുടെയും, തിരുത്തലുകൾ ആവശ്യമുള്ള പക്ഷം അവ വരുത്താത്തവരുടെയും നിലവിലെ മാർക്കുകൾ അതേപടി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി പരിഗണിക്കുന്നതാണ്.
- സി.ബി.എസ്.ഇ മൂല്യനിർണ്ണയത്തിൽ തൃപ്തരല്ലാത്ത വിദ്യാർത്ഥികൾക്ക് ഒരു പരീക്ഷ കൂടി എഴുതാനുള്ള അവസരം സി.ബി.എസ്.ഇ നൽകിയിരുന്നു. ബഹു.കേരള ഹൈക്കോടതിയുടെ വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ സി.ബി.എസ്.ഇ ഇപ്രൂവ്മെന്റ് പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് അവരുടെ പ്ലസ് ടു മാർക്ക് അപ്ലോഡ് ചെയ്യാൻ പിന്നീട് അവസരം നൽകുന്നതാണ്. അതിനായി 2021 ആഗസ്റ്റ്/സെപ്തംബർ മാസങ്ങളിൽ സി.ബി.എസ്.ഇ നടത്തിയ ഇപ്രൂവ്മെന്റ് പരീക്ഷ എഴുതിയിട്ടുണ്ടോ എന്ന ചോദ്യത്തിന് YES/NO എന്ന് എല്ലാ വിദ്യാർത്ഥികളും പോർട്ടലിൽ രേഖപ്പെടുത്തേണ്ടതാണ്.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

<u>റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലേയ്ക്കായി പരിഗണിക്കപ്പെട്ട മാർക്കുകൾ എന്നിവ അഡ്മിഷൻ കോളേജ് അധികാരികൾ പരിശോധിക്കുന്നതും ഈ വിവരങ്ങളിൽ എന്തെങ്കിലും വ്യത്യാസം കാണുന്ന പക്ഷം അത്തരം വിദ്യാർത്ഥികൾ പ്രവേശനത്തിന് അയോഗ്യരാകുന്നതുമാണ്.</u>

**ഹെൽപ് ലൈൻ നമ്പർ : 0471-2525300**

തിരുവനന്തപുരം
23.09.2021

**പ്രവേശന പരീക്ഷാ കമ്മീഷണർ**